കുകയും വേണം.

ഇതോടൊപ്പം സംഭവിച്ച മറ്റൊരു സുപ്രധാന കാര്യം നേപ്പാൾ ഒരു ഹിന്ദുരാഷ്ട്രമല്ലാതായി

ത്ത് ഏതാനും പേർ മരിച്ചുവെങ്കിലും, പൊതുവിൽ നേപ്പാളിലെ ഈ 'വിപ്ലവം' സമാധാനപരമായിരുന്നു എന്നത് ആശ്വാസം പകരുന്നു.

അതിദരിദ്രമായ ഒരു രാജ്യത്തിലെ അതിസമ്പന്നനായിരുന്ന രാജാവിനെയാണ് ജനങ്ങൾ നിലത്തിറക്കിയത്. രാജാവിന് സ്തുതി പാടിക്കൊണ്ടുള്ള ദേശീയഗാനവും നേപ്പാൾ ജനത ഇനി പാടുകയില്ല.

# ആധുനിക ശാസ്ത്രവും ഭോപ്പാൽ കൂട്ടക്കൊലയും

**ആധുനിക നാഗരികതയുടെ ഹിംസയിലൂന്നുന്ന ലോകവീക്ഷണത്തിന് ബദലായി അനേകം ലോകവീക്ഷണങ്ങൾ സാധ്യമാണ്. ഈ സാധ്യത അന്വേഷിക്കുന്നതിലാണ് മനുഷ്യൻെറ അതിജീവനം**



*കടപ്പാട്: രഘുറായ്*

**കെ. അരവിന്ദാക്ഷൻ**

1984 ഡിസംബർ രണ്ട് അർധരാത്രിയിലാണ് ഭോപ്പാൽ യൂണിയൻ കാർബൈഡ് ഫാക്ടറിയിൽ നിന്ന് വിഷവാതകം ചോർന്നത്. ഇന്നേവരെയും കൊല്ലപ്പെട്ടവർ എത്രയെന്നുപോലും കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. 15,000 – ത്തിനും 30,000 –ത്തിനുംഇടയിലെവിടെയോ ആയിരിക്കാം മരണസംഖ്യ. കൊല്ലപ്പെട്ടവരിൽ ഭൂരിഭാഗവും ദരിദ്രരായിരുന്നു. ആരുടെയും രേഖകളിലോ ചരിത്രത്തിലോ പെടാത്തവർ. 1,50,000 മനുഷ്യരെങ്കിലും അതിൻെറ ദുരന്തം അനുഭവിക്കുന്നവരാണ്. യൂണിയൻ കാർബൈഡിൽ നിന്നും പുറത്തുവന്ന വിഷവാതകത്തിൻെറ ചേരുവ പോലും, ഇന്നും പരസ്യമായിട്ടില്ല. അത് അമേരിക്കയുടെയും ആധുനിക ശാസ്ത്രത്തിൻെറയും ഒരു രഹസ്യമായി അവശേഷിക്കുന്നു.

ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും അന്നു ബോംബുകളിട്ട് അമേരിക്ക നടത്തിയ ശാസ്ത്രീയ–അധികാര പരീക്ഷണം ഒരു കൂട്ടക്കൊലയായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അതേ അളവുകോൽ വെച്ചുനോക്കിയാൽ, ഭോപ്പാൽ ശാസ്ത്രത്തിൻെറ ഒരു കൈപ്പിഴയോ ഒരു ദുരന്തമോ ആയിരുന്നില്ല. ആധുനിക ശാസ്ത്രം നടത്തിയ കൂട്ടക്കൊലയായിരുന്നു.

ഭോപ്പാൽ കൂട്ടക്കൊലയ്ക്കുശേഷമുള്ള നാലഞ്ചു വർഷങ്ങളിൽ, ആധുനിക ശാസ്ത്രത്തിൻെറ അപ്രമാദിത്തത്തെക്കുറിച്ചുള്ള സന്ദേഹങ്ങൾ, ചിലരിലെങ്കിലും മുളപൊട്ടിയിരുന്നു. ആധുനികശാസ്ത്രത്തെ ചോദ്യം ചെയ്യേണ്ടതില്ലേ? അത് നിശിതമായി വിമർശിക്കപ്പെടേണ്ടതില്ലേ? ലോകത്തിലിന്ന് കാണുന്ന, നാമെല്ലാം നിരന്തരം ഉപയോഗിക്കുന്ന, കണ്ണഞ്ചിപ്പിക്കുന്ന സുഖസൗകര്യങ്ങൾക്ക് മുമ്പിൽ, നാമാ ചോദ്യങ്ങൾ തന്നെ അവഗണിക്കുന്നു. ആധുനിക ശാസ്ത്രത്തിൻെറ പ്രയോജനങ്ങളില്ലെങ്കിൽ നമുക്ക് ഒരു നിമിഷം പോലും ജീവിക്കാനാവുമോ? വൈദ്യുതിയില്ലെങ്കിൽ, തീവണ്ടിയില്ലെങ്കിൽ, മോട്ടോർ വാഹനമില്ലെങ്കിൽ, ആധുനിക വൈദ്യോപകരണങ്ങളില്ലെങ്കിൽ, കൃഷി ഉപകരണങ്ങളില്ലെങ്കിൽ, ഉപഭോഗസാമിഗ്രികളില്ലെങ്കിൽ..... അങ്ങനെ നീണ്ടുപോകുന്നു ആധുനികശാസ്ത്രത്തിൻെറ നമ്മുടെ ജീവിതത്തിലേക്കുള്ള സൂക്ഷ്മഗ്രാഹികൾ. ഹരിതവിപ്ലവമില്ലായിരുന്നെങ്കിൽ, കീട–കളനാശിനികളില്ലായിരുന്നെങ്കിൽ, യൂണിയൻ കാർബൈഡ് (പ്രസിദ്ധ കീടനാശനിയായ സെവിൻ ഉണ്ടാക്കിയിരുന്നത് അവരാണല്ലോ) ഇല്ലായിരുന്നെങ്കിൽ എന്തായിരുന്നേനെ നമ്മുടെ ജീവിതം?

ആധുനിക ശാസ്ത്രം ഇന്ന് പ്രബലമായ ഒരു ലോക വീക്ഷണമാണ്. യുക്തി, അറിവ്, സമ്പത്ത്, അധികാരം എന്ന സമവാക്യത്തിന് അടിത്തറ ആധുനിക ശാസ്ത്രമാണ്. ആധുനിക ശാസ്ത്രത്തിൻെറ അടിത്തറ സ്വാതന്ത്ര്യം, യുക്തി എന്നീ യൂറോപ്യൻ ആശയങ്ങളുള്ള നാഗരികതയാണ്. ആധുനിക സമൂഹത്തിലെ സമ്പത്തും അധികാരവും അതാണ്. മാനവസമൂഹത്തിൻെറ വികാസം അതിൻെറ ഉയർച്ചയാണ്. യുദ്ധങ്ങൾ, വെട്ടിപ്പിടിത്തം, കീഴടക്കൽ, കോളനിവൽക്കരണം എന്നിവ അതിൻെറ തുടർച്ചയാണ്. ഭൂമിയിലെ എല്ലാവിഭവങ്ങളും കവർന്നെടുക്കാനുള്ള അവസരമുണ്ടാക്കുകയായിരുന്നു, സാമ്രാജ്യത്തിൻെറ ആദ്യപടി, ആധുനിക വ്യവസായം ഉണ്ടാക്കിയതും അതോടൊപ്പം സ്റ്റേറ്റിൻെറ കേന്ദ്രീകൃത ഘടനയ്ക്ക് രൂപംകൊടുത്തതും ആധുനിക ശാസ്ത്രമാണ് ഇന്ന് ചൂഷണത്തിൻെറ രംഗം ഉല്പാദനത്തിൽ നിന്ന് വിപണിയിലേക്ക് മാറി. വിദ്യാഭ്യാസം, പൊതു ജനാരോഗ്യം, ഗ്രാമീണ വികസനം, ദാരിദ്ര്യനിർമ്മാർജനം തുടങ്ങി ഒരു ക്ഷേമരാഷ്ട്രത്തിൻെറ അടിസ്ഥാന സങ്കല്പങ്ങൾ ഇപ്പോൾ സ്റ്റോക്ക്മാർക്കറ്റിൽ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്.

യൂറോ കേന്ദ്രീകൃതമായ ആധുനികശാസ്ത്രത്തിൻെറ ഇന്നത്തെ പ്രഭവകേന്ദ്രം അമേരിക്കയാണ്. ഇന്നലെ അത് യൂറോപ്പിലെ ഇംഗ്ലണ്ടായിരിക്കാം. ശാസ്ത്രം എന്ന് നാം വ്യവഹരിക്കുന്നത് ആധുനിക ശാസ്ത്രത്തെയാണ്. ലോകത്തിലെ മറ്റ് സംസ്കാരങ്ങളിലും നാഗരികതകളിലും ഉണ്ടായിരുന്ന അറിവിനെയോ ശാസ്ത്രങ്ങളെയോ നമ്മൾപോലും ശാസ്ത്രമായി അംഗീകരിക്കുന്നില്ല. ശാസ്ത്രവും സാങ്കേതിക വിദ്യയും ഒരുന്യൂനപക്ഷത്തിൻെറ കൈപ്പിടിയിലായിപ്പോയതാണ് പ്രശ്നങ്ങൾക്ക് കാരണമെന്നാണ്, എല്ലാ ജനകീയ ശാസ്ത്രസംഘങ്ങളും ആവർത്തിക്കുന്നത്. നമ്മുടെ ശാസ്ത്രസാഹിത്യപരിഷത്തും ഇതുതന്നെയാണ് പറയുന്നത്. ആധുനിക ശാസ്ത്രബോധം സാധാരണക്കാരിലെത്തിക്കാനാണ് പരിഷത്തുകാർ വിജ്ഞാനോത്സവങ്ങൾ നടത്തിയും കലാജാഥകൾ നയിച്ചും അഹോരാത്രം പ്രയത്നിക്കുന്നത്. ശാസ്ത്രത്തെ ജനങ്ങളിലെത്തിക്കുക, പരീക്ഷണശാലകൾ പാടത്തെത്തിക്കുക–അതാണ് മുദ്രാവാക്യം. ആധുനിക ശാസ്ത്രം വേണ്ട രീതിയിൽ ജനങ്ങളിൽ ഇറങ്ങിച്ചെല്ലാത്തത് രാഷ്ട്രീയ സാമൂഹികകാരണങ്ങൾ കൊണ്ടാണത്രെ. വേണ്ടത്ര ശ്രദ്ധയെടുത്തിരുന്നെങ്കിൽ 'ഭോപ്പാൽ' ഒഴിവാക്കാമായിരുന്നു.

ആധുനിക ശാസ്ത്രത്തിലൂന്നിയ ലോകവീക്ഷണമാണ്, അമേരിക്കയെ ഭൂമിയിലെ എല്ലാ ജനങ്ങളുടെയും വിഭവങ്ങളുടെയും പോലീസാക്കിയത്. ആധുനികശാസ്ത്രം നിർഗുണമാണോ? അതിനുള്ളിൽ അസത്യവും അധാർമികതയും ഉൾച്ചേർന്നിട്ടില്ലേ? മറ്റ് സംസ്കാരങ്ങളിലും നാഗരികതകളിലും ഉണ്ടായിരുന്ന, ഇപ്പോഴും ശേഷിക്കുന്ന ലോകവീക്ഷണങ്ങൾക്ക് ശാസ്ത്രീയതയില്ലേ? ഈ ചോദ്യം ഉന്നയിക്കുന്നതാണ് പോസ്റ്റ് മോഡേൺ കാലത്ത് ഗാന്ധിയുടെ പ്രസക്തി. അതിർത്തികളില്ലാത്ത, ധ്വനസ്രമായ ഭൂമിയിൽ, എന്തുകൊണ്ട് ഒരു ലോകവീക്ഷണത്തിന് മാത്രം പ്രസക്തി? ഒരു ജീവിതരീതി മാത്രം കൊണ്ടാടപ്പെടുന്നു? ഒരു സംസ്കാരം മാത്രം ആഘോഷിക്കപ്പെടുന്നു? ആധുനിക ശാസ്ത്രത്തിൻെറ കൂട്ടക്കൊലകളെയും ഭീകരതകളെയും അധർമത്തെയും ചോദ്യം ചെയ്യുന്നില്ല? ഗാന്ധി ആധുനിക ശാസ്ത്രമെന്ന് പറഞ്ഞില്ല; ആധുനികശാസ്ത്രവും മൂലധനവും സ്റ്റേറ്റും ഉൾക്കൊള്ളുന്ന ആധുനിക നാഗരികതയെയാണ് ഗാന്ധി വിമർശിച്ചത്. ഗാന്ധിയുടെ ഹിന്ദ് സ്വരാജ് (1907) ഇന്ന് പ്രസക്തമാകുന്നത് അതുകൊണ്ടാണ്. ആധുനിക നാഗരികതയുടെ ഹിംസയിലൂന്നുന്ന ലോകവീക്ഷണത്തിന് ബദലായി അനേകം ലോകവീക്ഷണങ്ങൾ സാധ്യമാണ്. ഈ സാധ്യത അന്വേഷിക്കുന്നതിലാണ് മനുഷ്യൻെറ അതിജീവനം, ഭൂമിയുടെയും. അതുകൊണ്ടാണ് ഭോപ്പാൽ ആധുനികശാസ്ത്രത്തിൻെറ കൈപ്പിഴയോ ദുരന്തമോ അല്ലായെന്ന് വിളിച്ചുപറയേണ്ടിവരുന്നത്. ഭോപ്പാൽ ആധുനികശാസ്ത്രം നടത്തിയ നരഹത്യയാണ്. അതിനെ സംശയിക്കുക.